(ഡി, ഇ) സംസ്ഥാന കൗൺസിൽ രൂപവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലുറപ്പ് പദ്ധതികൾ

31(1505) പ്രൊഫ. എ. ഡി. മുസ്തഫ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതികൾ നടപ്പാക്കി;

(ബി) എത്ര പേർക്ക് ഇതുകൊണ്ടുള്ള ഗുണം ലഭിച്ചു;

(സി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് നൽകപ്പെടുന്ന കുറഞ്ഞ കൂലി എത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാലക്കാട്, വയനാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഈ ജില്ലകളിൽ തൊഴിൽ ഉറപ്പു പദ്ധതിയുടെ ഉദ്ഘാടനം 2-2-2006-ലാണ് നടന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടിയായി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടന്നുവരുന്നു.

(സി) സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച കർഷക തൊഴിലാളികൾക്കുള്ള മിനിമം കൂലിയാണ് ഈ പദ്ധതിക്ക് നൽകുന്നത്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം

32(1506) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് തുടങ്ങിയത്; ഇനി ഏതൊക്കെ ജില്ലകളിലാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ബി) ഏതൊക്കെ ജില്ലകളിൽ പ്രാരംഭഘട്ട നടപടികളായി; അവ എന്തൊക്കെ;

(സി) ഈ പദ്ധതിയുടെ മേൽനോട്ടത്തിനായി ഗ്രാമവികസന വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ബ്ലോക്ക് ഡവലപ്മെന്റ് ആഫീസർക്ക് തുല്യമായ പ്രൊമോഷൻ തസ്തിക ഈ പദ്ധതിയുടെ നടത്തിപ്പിനായി എത്രയും പെട്ടെന്ന് സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാലക്കാട്, വയനാട് ജില്ലകളിലാണ് ഈ പദ്ധതി തുടങ്ങിയത്. ഇനി ഏതൊക്കെ ജില്ലകളാണെന്ന് തീരുമാനമായിട്ടില്ല.

(ബി) പാലക്കാട്, വയനാട് ജില്ലകളിൽ പ്രാരംഭ ഘട്ട നടപടികളായിട്ടുണ്ട്. പ്രാരംഭ നടപടിയായി തൊഴിലാളികളുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഈ രീതിയിൽ 16 പേരെ നിയമിച്ചുകഴിഞ്ഞു.

നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗാരന്റി പ്രോഗ്രാം

33(1507) ശ്രീ. എ. സി. ഷൺമുഖദാസ്:
ശ്രീ. കെ. പി. മോഹനൻ
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗാരന്റി പ്രോഗ്രാം ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിയുടെ പ്രയോജനം ഒരു വർഷത്തിൽ എത്ര പേർക്ക് ലഭിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എത്ര സംഖ്യയാണ് കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പാലക്കാട്, വയനാട് ജില്ലകളിൽ.

(ബി) ഈ പദ്ധതിയുടെ ഉദ്ഘാടനം 2-2-2006-ൽ നടക്കുകയും, ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടന്നു വരികയുമാണ്.

(സി) ഇത് ആവശ്യാധിഷ്ഠിത പദ്ധതി ആയതുകൊണ്ടും പദ്ധതി പ്രാരംഭ ഘട്ടത്തിൽ ആയതിനാലും ലഭിക്കുന്ന സംഖ്യ ഇപ്പോൾ നിശ്ചയിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly